# അസൂയയും വിദ്വേഷവും

ഖുർറം മുറാദ്

عَنْ أَبِي هُرَيْرَةَ رضى الله عنه أَنَّ النَّبِيَّ صلّى الله عَلَيْه وَسَلّم قَالَ

إِيّاكُم وَالْحَسَدَ فَأَنَّ الحَسَدَ يَأْكُلُ الْحَسَنَاتِ كَما تَأْكُلُ النّارُ الْحَطَبَ

**അബൂഹുറയ്റയിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞിരിക്കുന്നു: "നിങ്ങൾ അസൂയയെ സൂക്ഷിക്കുക. കാരണം തീ വിറകിനെ തിന്നുന്നതുപോലെ അസൂയ നന്മകളെ തിന്നുന്നു" (അബൂദാവൂദ്).**

**തീറ്റയുടെയും** കുടിയുടെയും ആരാധനാകർമങ്ങളുടെയും കാര്യത്തിലുള്ള വിധിവിലക്കുകളെക്കുറിച്ച് ആളുകൾ ബോധവാന്മാരാണ്. അവ പാലിക്കാൻ അവർ ശ്രമിക്കാറുണ്ട്. എന്നാൽ സ്വഭാവങ്ങളിലും പെരുമാറ്റങ്ങളിലും ജീവിതത്തിന്റെ മറ്റു മേഖലകളിലുമുള്ള വിധിവിലക്കുകൾക്ക് പലരും വേണ്ടത്ര പരിഗണന നൽകാറില്ല. ഈയിനത്തിൽപെട്ട നിഷിദ്ധമായ വലിയൊരു പാപമാണ് അസൂയ. ഈ തിന്മയെ കർശനമായി വിലക്കുന്ന ധാരാളം ഹദീസുകളുണ്ട്. പരസ്പരം അസൂയ കാണിക്കരുതെന്നും ധനക്കൊതിയും അസൂയയും വലിയ അപകടങ്ങളാണെന്നും നബി(സ) താക്കീത് നൽകിയിട്ടുണ്ട്. അവ ബന്ധങ്ങൾ തകർക്കുകയും കുഴപ്പം സൃഷ്ടിക്കുകയും രക്തം ചിന്തുകയും ചെയ്യുന്നു. പൂർവ ജനതകളിലുണ്ടായിരുന്ന രോഗങ്ങളായിരുന്നു അസൂയയും വിദ്വേഷവും അഹങ്കാരവും. വിദ്വേഷം അസൂയയുടെ ഫലമാണെന്നും അസൂയ ദീനിനെ തുടച്ചുനീക്കുമെന്നും ഹദീസുകളിലുണ്ട്.

ഖുർആൻ വിവരിക്കുന്ന ആദമിന്റെയും ഇബ്‌ലീസിന്റെയും സംഭവത്തിൽ വലിയ ഗുണപാഠമുണ്ട്. ആദമിന് സുജൂദ് ചെയ്യാൻ ഇബ്‌ലീസ് വിസമ്മതിച്ചത് അഹങ്കാരം കൊണ്ടുമാത്രമായിരുന്നില്ല; അസൂയ കൊണ്ടുകൂടിയായിരുന്നു. മണ്ണിനാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനേക്കാൾ അഗ്നികൊണ്ട് സൃഷ്ടിക്കപ്പെട്ട താനാണ് കേമനെന്ന അഹങ്കാരത്തിനു പുറമെ ആദമിന് തന്നേക്കാൾ ഉയർന്ന പദവി ലഭിക്കുന്നതിലുള്ള അതൃപ്തിയും അസൂയയും കൂടി ഇബ്‌ലീസിനുണ്ടായിരുന്നു. ആദ്യത്തെ തിന്മ അഹങ്കാരമാണെന്നും അതുകൊണ്ടാണ് ഇബ്‌ലീസ് അല്ലാഹുവിനെ ധിക്കരിച്ചതെന്നും രണ്ടാമത്തെ തിന്മ അത്യാർത്തിയാണെന്നും അതു മൂലമാണ് വിലക്കപ്പെട്ട കനി തിന്ന് ആദമും ഹവ്വയും സ്വർഗത്തിൽനിന്ന് പുറത്തായതെന്നും മൂന്നാമത്തെ തിന്മ അസൂയയാണെന്നും അതിന്റെ പേരിലാണ് ഖാബീൽ ഹാബീലിനെ കൊന്ന് ഭൂമിയിൽ ആദ്യമായി രക്തം ചിന്തിയതെന്നും ഒരു മഹാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

പല തിന്മകളുടെയും അടിവേര് അസൂയയായിരിക്കും. ഖുറൈശികളിലെ സത്യനിഷേധികൾ ദൈവികസന്മാർഗത്തെ രൂക്ഷമായി എതിർത്തതിനുള്ള ഒരു കാരണം പ്രവാചകത്വപദവി ലഭിക്കാത്തതിലുള്ള അസൂയയായിരുന്നു. പ്രവാചകത്വം ഇസ്രാഈൽ സന്തതികളിൽനിന്ന് ഇസ്മാഈൽ സന്തതികളിലേക്ക് നീങ്ങിയതിലുള്ള അസൂയ മൂലമാണ് ജൂതന്മാർ സത്യം മനസ്സിലാക്കിയിട്ടും അത് സ്വീകരിക്കാതിരിക്കാൻ കാരണമെന്ന് ഖുർആൻ സൂചിപ്പിക്കുന്നുണ്ട്.

മറ്റുള്ളവർക്കാർക്കെങ്കിലും വല്ല ഗുണവും ലഭിക്കുന്നത് വെറുക്കുകയും അത് നീങ്ങിപ്പോകാൻ ആഗ്രഹിക്കലുമാണ് അസൂയ. മറ്റുള്ളവർക്കുണ്ടാകുന്ന നന്മകളിൽ മനസ്സിൽ നീരസവും ദുശ്ചിന്തകളുമുണരുന്നത് തെറ്റാണെങ്കിലും നിയന്ത്രണാതീതമായ കാര്യം എന്ന നിലയിൽ അത് കുറ്റകരമല്ല. എന്നാൽ ഈ ദുശ്ചിന്തയെ വളർത്തുകയും അതിലൂടെ ഏറെ മുന്നോട്ടുപോയി അപരന്റെ അനുഗ്രഹം നീങ്ങിപ്പോകാൻ ആഗ്രഹിക്കുകയും അതിനായി കരുക്കൾ നീക്കുകയും ചെയ്യുന്നതോടെ കുറ്റകരമായ പാപത്തിൽ പതിക്കുന്നു. അസൂയ മൂക്കുന്നതോടെ പലതരം പാപങ്ങളുടെ കവാടങ്ങൾ അയാൾക്കു മുമ്പിൽ തുറക്കുകയായി. മറ്റേയാളോടുള്ള വിദ്വേഷവും പകയും കൊണ്ട് അയാളുടെ മനസ്സ് തപിക്കുന്നു. അയാളെക്കുറിച്ച് ഏഷണിയും പരദൂഷണവും പറഞ്ഞ് പരത്തുന്നു. അവസരം കിട്ടിയാൽ അയാളെ നിന്ദിക്കുകയും ഇകഴ്ത്തുകയും ചെയ്യുന്നു. അവർക്കിടയിലുള്ള ബന്ധം തകരുകയും ചെയ്യുന്നു. മുസ്‌ലിമിന്റെ സഹോദരനാണ് മറ്റൊരു മുസ്‌ലിം. അവർ തമ്മിൽ പരസ്പരം വിരോധം വെച്ചുപുലർത്താൻ പാടില്ല. ഒരു നബിവചനത്തിന്റെ ആശയം ഇപ്രകാരമാണ്: 'ആരോടും മനസ്സിൽ വിരോധവും വിദ്വേഷവുമില്ലാതെ പ്രഭാതവും പ്രദോഷവും കഴിച്ചുകൂട്ടാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യുക. അതാണ് എന്റെ ചര്യ. എന്റെ ചര്യ പിൻപറ്റിയവൻ എന്നെ സ്നേഹിച്ചു. എന്നെ സ്നേഹിക്കുന്നവനെ ഞാനും സ്നേഹിക്കും. അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും.'

മറ്റുള്ളവർക്കു ലഭിച്ച അനുഗ്രഹങ്ങളും നന്മകളും നീങ്ങിപ്പോകണമെന്ന് ആഗ്രഹിക്കാതെ തനിക്കും അത് ലഭിക്കണമെന്ന് മോഹിക്കുന്നത് തെറ്റല്ല. പുണ്യകർമങ്ങളും അല്ലാഹു ഇഷ്ടപ്പെടുന്ന മറ്റു കാര്യങ്ങളുമാണെങ്കിൽ അല്ലാഹുവിന് അത് ഏറെ പ്രിയങ്കരമാണു താനും. അല്ലാഹു സമ്പത്ത് നൽകുകയും അത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയും അല്ലാഹു വിജ്ഞാനം നൽകുകയും അത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്യുന്ന രണ്ട് പേരോടല്ലാതെ അസൂയ അനുവദനീയമല്ലെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്.

മറ്റുള്ളവർക്കുള്ള സമ്പത്തും പദവിയും പ്രതാപവും സൗകര്യങ്ങളും തനിക്കുമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നത് തെറ്റല്ല. മറ്റെല്ലാം മറന്ന് ആ ചിന്തയിൽ മാത്രം മുഴുകുകയും അവ നേടാനായി തിന്മകൾ ചെയ്യുകയും മറ്റുള്ളവരുടെ അവകാശങ്ങൾ ഹനിക്കുകയും ചെയ്യുമ്പോഴാണ് അത് തെറ്റായിത്തീരുന്നത്. ഭൗതിക വിഭവങ്ങളോടുള്ള താൽപര്യം മനുഷ്യപ്രകൃതിയുടെ ഭാഗമാണ്. "സ്ത്രീകൾ, സന്താനങ്ങൾ, സ്വർണത്തിന്റെയും വെള്ളിയുടെയും കൂമ്പാരങ്ങൾ, മേത്തരം കുതിരകൾ, കാലി

കൾ, കൃഷിയിടങ്ങൾ തുടങ്ങിയവയോടുള്ള മോഹം മനുഷ്യർക്ക് അലങ്കാരമാക്കപ്പെട്ടിരിക്കുന്നു" (*ആലുഇംറാൻ* 14). ഈ ജീവിത വിഭവങ്ങളില്ലാതെ ഇവ മുഖേനയുള്ള പരീക്ഷണം സാധ്യമാകില്ല. പ്രസ്തുത പരീക്ഷണത്തിൽ വിജയിക്കാതെ സ്വർഗത്തിൽ പ്രവേശിക്കാനും കഴിയില്ല. മനുഷ്യ നാഗരികതയും സംസ്കാരവും ഇവയില്ലാതെ വികസിക്കുകയുമില്ല. എന്നാൽ ഇവയേക്കാൾ ഉത്തമം പാരത്രികഗേഹമാകുന്നു. അതിനാൽ അല്ലാഹുവിന്റെ തൃപ്തിയും സ്വർഗവുമായിരിക്കണം അടിസ്ഥാന ലക്ഷ്യം.

അഹങ്കാരമാണ് അസൂയയുടെ ഒന്നാമത്തെ കാരണം. താനാണ് ഏറ്റവും കേമനെന്ന് ധരിക്കുന്നയാൾ മറ്റുള്ളവർ തന്നെ പോലെയാകുന്നതോ തന്നേക്കാൾ ഉയരുന്നതോ സഹിക്കുകയില്ല. വിദ്വേഷവും അസൂയയുടെ കാരണമാണ്. വിദ്വേഷം അസൂയക്കും അസൂയ വിദ്വേഷത്തിനും ജന്മം നൽകുന്നു. അവ രണ്ടും തമ്മിൽ അടുത്ത ബന്ധമുണ്ട്. അതുകൊണ്ടാണ് പല നബിവചനങ്ങളിലും അസൂയയും വിദ്വേഷവും ചേർത്തു പറയുന്നത്. മറ്റുള്ളവരുടെ സമ്പത്തും പദവിയും മറ്റും ഉയരുന്നതിലൂടെ താൻ ചെറുതായിപ്പോവുകയും തന്റെ അന്തസ്സിന് കോട്ടം തട്ടുകയുമാണെന്ന് കരുതുന്നതും അസൂയക്ക് കാരണമാണ്. സമ്പത്തും പദവിയുമെല്ലാം തനിക്കു മാത്രമായിരിക്കണമെന്നും തനിക്കു കിട്ടിയില്ലെങ്കിലും മറ്റുള്ളവരിൽനിന്ന് അവ നീങ്ങിപ്പോകണമെന്നുമാണ് ഇത്തരക്കാർ ആഗ്രഹിക്കുക. ദുൻയാവിനോടുള്ള അടങ്ങാത്ത ആർത്തിയും പ്രേമവുമാണ് അസൂയയുടെ മറ്റൊരു കാരണം. സർവ നാശങ്ങളുടെയും അടിവേരാണത്.

നബി(സ) അസൂയയോടൊപ്പം ചേർത്തു പറഞ്ഞ തിന്മകൾക്ക് അസൂയയുമായി അടുത്ത ബന്ധമുണ്ട്. രഹസ്യങ്ങൾ ചുഴിഞ്ഞന്വേഷിക്കൽ ഉദാഹരണം. ആരോടാണോ അസൂയയുള്ളത് അയാളുടെ രഹസ്യങ്ങൾ ചുഴിഞ്ഞന്വേഷിക്കുകയും പോരായ്മകൾ മറ്റുള്ളവർക്ക് മുമ്പിൽ പ്രചരിപ്പിക്കുകയും ചെയ്യും. അയാളെക്കുറിച്ച് ഏഷണിയും പരദൂഷണവും പറഞ്ഞു നടക്കും. അയാളെ അവഹേളിക്കുകയും അവമതിക്കുകയും ചെയ്യും. മറ്റുള്ളവരുടെ മുമ്പിൽ അയാളുടെ വിലയിടിച്ചു കാട്ടാൻ പരമാവധി ശ്രമിക്കും. അസൂയയിൽനിന്ന് ഉടലെടുക്കുന്ന ഇത്തരം തിന്മകൾ ഒരാളുടെ നന്മകൾ മുഴുവൻ തിന്നു തീർക്കും. ഇത്തരം തിന്മകളുമായി പരലോകത്തെത്തുന്നവരുടെ നന്മകളെടുത്ത് അവരുടെ ഉപദ്രവത്തിനിരയായവർക്ക് നൽകും. നന്മകൾ മുഴുവൻ നൽകിയിട്ടും അവർ ചെയ്തുകൂട്ടിയ തിന്മകൾ അവശേഷിക്കുന്നുവെങ്കിൽ അസൂയക്കും അനുബന്ധ ഉപദ്രവങ്ങൾക്കും ഇരയായവരുടെ പാപങ്ങളെടുത്ത് അവരെ ഉപദ്രവിച്ചവരിൽ ചുമത്തും. സ്വന്തം പാപങ്ങളോടൊപ്പം മറ്റുള്ളവരുടെ പാപങ്ങളും അവർ പേറേണ്ടിവരും. തങ്ങൾ ചെയ്ത എല്ലാ പുണ്യകർമങ്ങളും നന്മകളും ഇത്തരക്കാർക്ക് നഷ്ടപ്പെടുകയും മറ്റുള്ളവരുടെ പാപങ്ങൾ ഏറ്റെടുക്കേണ്ടിവരികയും ചെയ്യുന്നു. തീനാളങ്ങൾ ഉണക്ക വിറകിനെ ഏതാനും നിമിഷങ്ങൾക്കുള്ളിൽ തിന്നുതീർക്കുന്നതുപോലെ അസൂയ ഇങ്ങനെയാണ് പുണ്യകർമങ്ങളെ തിന്നു തീർക്കുന്നത്. സ്നേഹം, ദയ, നീതി മുതലായ മനസ്സിന്റെ നന്മകളെ മുഴുവൻ അസൂയ നശിപ്പിച്ചുകളയുമെന്ന ആശയവും ഈ ഹദീസിനുണ്ട്.

അസൂയക്കുള്ള ചികിത്സയെന്താണ്? കുറ്റകരമായ തിന്മയാണ് അതെന്ന ബോധമാണ് ആദ്യം വേണ്ടത്. മദ്യപാനം പോലെ അല്ലാഹു നിഷിദ്ധമാക്കിയതാണ് അസൂയ. മദ്യപാനം പ്രകടമാണ്; അസൂയയും പരദൂഷണവും പ്രകടമല്ലെന്നു മാത്രം. അതിനാൽ നിഷിദ്ധമായ മദ്യപാനത്തോടടുക്കാതിരിക്കാൻ കാട്ടുന്ന ജാഗ്രത അസൂയയുടെയും പരദൂഷണത്തിന്റെയും കാര്യത്തിലും ആവശ്യമാണ്. പക്ഷേ, ഇത്തരത്തിലുള്ള തിന്മകൾ ഹറാമാണെന്ന ബോധം ആളുകൾക്ക് പൊതുവെ കുറവാണ്. ചില പണ്ഡിതന്മാരെപ്പോലും ഈ രോഗം ബാധിക്കാറുണ്ട്. പണ്ഡിതന്മാർ അസൂയ വെച്ചുപുലർത്തുന്നതും ഏഷണിയും പരദൂഷണവും പറയുന്നതും സാധാരണക്കാർ അവ ചെയ്യുന്നതിനേക്കാൾ ഗുരുതരമാണ്. ആറു വിഭാഗത്തിൽ പെട്ടവരെ അല്ലാഹു വിചാരണകൂടാതെ നരകത്തിൽ തള്ളുമെന്ന് ഒരു ഹദീസിലുണ്ട്. അവരിൽ ആദ്യത്തെയാൾ അക്രമിയായ ഭരണാധികാരിയും അവസാനത്തെയാൾ അസൂയാലുവായ പണ്ഡിതനുമാണ്. അക്രമിയായ ഭരണാധികാരി ഒരു നിയന്ത്രണവുമില്ലാതെ ചെയ്തുകൂട്ടുന്ന പാപങ്ങൾ കാരണം വിചാരണ ചെയ്താൽ പോലും നരകമല്ലാതെ അയാൾക്ക് ലഭിക്കുകയില്ല. അസൂയാലുവായ പണ്ഡിതൻ ചെയ്യുന്ന പാപങ്ങളുടെ ആധിക്യം കാരണം വിചാരണ കൂടാതെ അയാളെ നരകത്തിലിട്ടാൽ പോലും അത് അനീതിയാവുകയില്ല.

അസൂയയെ തന്റെ മനസ്സിൽനിന്ന് തുടച്ചുനീക്കുമെന്ന ദൃഢനിശ്ചയമാണ് മറ്റൊരു ചികിത്സാ മാർഗം. ഉറച്ച തീരുമാനമില്ലാതെ ഒരു തെറ്റിൽനിന്നും മുക്തി നേടാൻ കഴിയില്ല. ദൃഢനിശ്ചയത്തോടൊപ്പം അസൂയയിൽനിന്ന് മനസ്സിനെ ശുദ്ധീകരിക്കാനുള്ള കഠിനമായ പരിശ്രമം നടത്തുകയും വേണം. മനസ്സിൽ അസൂയയുടെ മാലിന്യം കലരുന്നുണ്ടോ എന്ന് നിരന്തരം സൂക്ഷ്മ പരിശോധന നടത്തുകയും മനസ്സ് വെടിപ്പാക്കി നിലനിർത്തുകയും ചെയ്യണം.

അസൂയയിലൂടെ ഒരു വ്യക്തിയോട് കാണിക്കുന്ന വിദ്വേഷം യഥാർഥത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്തോടുള്ള വിദ്വേഷമാണ്. ആരോടാണോ അസൂയ വെച്ചുപുലർത്തുന്നത് അയാൾക്ക് ലഭിച്ച അനുഗ്രഹങ്ങളും സുഖസൗകര്യങ്ങളും അല്ലാഹു നൽകിയതാണ്. അല്ലാഹു നീതിപൂർവവും യുക്തിപൂർവവുമായാണ് അടിമകൾക്ക് വിഭവങ്ങൾ നൽകുന്നത്. അല്ലാഹു തന്റെ അടിമകൾക്ക് വിഭവങ്ങൾ വീതിച്ചുനൽകുന്നതിനോടുള്ള അതൃപ്തിയാണ് അസൂയ. മനസ്സിൽ ഈമാനുള്ളപ്പോൾ ഈ അതൃപ്തിയുണ്ടാവുകയില്ല. മനസ്സിൽ ഈമാനും അസൂയയും ഒരുമിക്കുകയില്ലെന്ന് റസൂൽ(സ) പറഞ്ഞിട്ടുണ്ട്.

ആരോടാണോ അസൂയ തോന്നുന്നത് അയാൾക്ക് കൂടുതൽ അനുഗ്രഹങ്ങൾ നൽകാനും തന്റെ മനസ്സിന്റെ രോഗം മാറ്റിത്തരാനും അല്ലാഹുവിനോട് പ്രാർഥിക്കുന്നത് അസൂയക്കുള്ള നല്ല മരുന്നാണ്. കുറച്ച് പ്രയാസകരമായി തോന്നാമെങ്കിലും ശ്രമിച്ചാൽ തീർച്ചയായും ഇത് സാധ്യമാണ്. ദീനിനെ നശിപ്പിച്ചുകളയുന്ന അസൂയയും വിദ്വേഷവും പോലുള്ള തിന്മകളിൽനിന്ന് രക്ഷനേടാൻ കഠിന പരിശ്രമം ആവശ്യമാണ്. അല്ലാഹുവിനെക്കുറിച്ചും അവൻ തനിക്കു നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങളെക്കുറിച്ചും ജീവിതത്തിന്റെ പൊരുളിനെക്കുറിച്ചുമുള്ള വിചാരവും ഇത്തരം പാപങ്ങളിൽനിന്ന് രക്ഷപ്പെടാൻ സഹായകമാണ്. ■

(*ജന്നത്ത് കാ സഫറി*ൽനിന്ന് സംഗ്രഹ വിവർത്തനം)